"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ഉല്പന്നങ്ങൾ വാങ്ങുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1636/2023/LSGD തീയതി,തിരുവനന്തപുരം, 10-08-2023

---

പരാമർശം:-

1. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ചെയർമാന്റെ 11.01.2023, 24.01.2023 തീയതികളിലെ KSCC/CHMN/2022-23 നമ്പർ കത്തുകൾ
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.07.2023-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 4.24

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വിവിധതരം മെത്തകളും കയർ ഉല്പന്നങ്ങളും നിർമ്മിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ, ആശുപത്രികൾ, ബഡ്സ് സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് ഇത്തരം ഉല്പന്നങ്ങൾ അനുയോജ്യമാണ്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ ഇത്തരം ഉല്പന്നങ്ങൾ നൽകുന്ന അംഗീകൃത ഏജൻസിയായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനെ അംഗീകരിക്കണമെന്ന് കോർപ്പറേഷൻ ചെയർമാൻ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ഉല്പന്നങ്ങൾ വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിനോടൊപ്പം കയർ ഫെഡ്, ഫോം മാറ്റിംഗ് ഇൻഡ്യാ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം ഉല്പന്നങ്ങൾ വാങ്ങാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. ചെയർമാൻ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ആലപ്പുഴ - 688001
2. പ്രസിഡന്റ്, കയർഫെഡ്, ആലപ്പുഴ
3. എം.ഡി., ഫോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറ്റഡ്, ആലപ്പുഴ
4. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
7. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
8. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

9. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
11. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 14-08-2023 11:34:16

സെക്ഷൻ ഓഫീസർ